**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 39** — **22-02-2022 - ൽ മറുപടിയ്ക്ക്**

**അറ്റസ്റ്റേഷൻ ചെയ്യാനുള്ള അധികാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാരിലും പൊതുമേഖലാസ്ഥാപനങ്ങളിലും വിവിധ ആവശ്യങ്ങൾക്കായി നല്കുന്ന അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ടുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഗസറ്റഡ് ഓഫീസർ എന്ന നിലയിൽ സാക്ഷ്യപ്പെടുത്തുന്നതിന് പി.എസ്.സി. വഴി നിയമിതരായ ഏതൊക്കെ തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത്; തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന സർവീസിലുള്ള ഗസറ്റഡ് ഓഫീസർമാരെ അസൽ രേഖകളുടെ ശരിപ്പകർപ്പുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തി നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | സർക്കാർ ഉദ്യോഗസ്ഥർ അല്ലാത്ത മറ്റാർക്കെങ്കിലും അറ്റസ്റ്റേഷൻ ചെയ്തുനൽകുന്നതിന് അധികാരമുണ്ടെങ്കിൽ ഏത് വിഭാഗം ഉദ്യോഗസ്ഥർക്കാണ് ഇപ്രകാരം അധികാരം നൽകിയിട്ടുള്ളതെന്നും ഏത് നിയമപ്രകാരമാണ് അവരുടെ അധികാരവിനിയോഗമെന്നും അറിയിക്കുമോ; | (ബി) | വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രേഖകളുടെ/ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും എന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . കെ എസ് ആർ ടി സി യുമായി ബന്ധപ്പെട്ട വിവിധ തരം സർട്ടിഫിക്കറ്റുകൾ രേഖകൾ കൺസെഷനുകൾ മുതലായവ അറ്റസ്റ്റ് ചെയ്യുന്നതിന് കെ എസ് ആർ ടി സിയിലെ ഹയർ ഡിവിഷൻ തസ്തികകളിലെ ഓഫീസർമാർക്ക് കെ എസ് ആർ ടി സി അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അറ്റസ്റ്റ് ചെയ്ത് നൽകുന്ന സമയക്രമം വരെ പൊതുജനങ്ങളെ അറിയിച്ചുകൊണ്ടുള്ള പരസ്യബോർഡുകൾ സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോ ഓഫീസ് മുറികൾക്ക് സമീപം പ്രദർശിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രവൃത്തി അടിയന്തരപ്രാബല്യത്തോടെ അവസാനിപ്പിക്കാൻ സംവിധാനമൊരുക്കുന്നതിനോടൊപ്പം പൊതുജന അറിവിലേയ്ക്ക് ഇക്കാര്യം പരസ്യപ്പെടുത്തുന്നതിനും തയ്യാറാകുമോ; | (സി) | കെ എസ് ആർ ടി സി സംബന്ധമായ അറ്റെസ്റ്റേഷനുകൾ കെ എസ് ആർ ടി സി ജീവനക്കാർ നടത്തുന്നതാണ് എന്ന അറിയിപ്പ് പൊതുജനത്തിനും ജീവനക്കാർക്കും നൽകുന്നതിനാണ് കെ എസ് ആർ ടി സി ബോർഡുകൾ വെച്ചിട്ടുള്ളത് |
| (ഡി) | എങ്കിൽ ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ:; | (ഡി) | കെ എസ് ആർ ടി സി സംബന്ധമായ അറ്റെസ്റ്റേഷനുകൾ കെ എസ് ആർ ടി സി |

| | | | |
|---|---|---|---|
| | | | ജീവനക്കാർ നടത്തുന്നതാണ് എന്ന അറിയിപ്പ് പൊതുജനത്തിനും ജീവനക്കാർക്കും നൽകുന്നതിനാണ് കെ എസ് ആർ ടി സി ബോർഡുകൾ വെച്ചിട്ടുള്ളത് |
| (ഇ) | അത്തരത്തിൽ അധികാരമില്ലാത്ത ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ സ്വീകരിച്ച് കേന്ദ്ര സർവ്വീസിൽ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥിക്ക് അത് നിരസിക്കപ്പെട്ട റിപ്പോർട്ടുകളുടെ ഗൗരവം ഉൾക്കൊണ്ട് ഇക്കാര്യത്തിൽ നിയമവിരുദ്ധമായി അധികാരപ്രയോഗം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമനടപടിക്ക് തയ്യാറാകുമോ? | (ഇ) | റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ